# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

**SS/CK/ 2/2019**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈസ്ഥാനികളും മദ്ബഹായിലെ എല്ലാ ശുശ്രൂഷകരും ശേഷം വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

നമ്മുടെ സഭയിലെ ശുശ്രൂഷക സംഘത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ **വാർഷിക ത്രിദിന ക്യാമ്പ് 2019 മെയ് 13, 14, 15 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ പരുമല സെമിനാരിയിൽ വെച്ച്** നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. 'നാം സത്യത്തിന് കൂട്ടുവേലക്കാർ' (3 യോഹന്നാൻ 8) എന്നതാണ് മുഖ്യ ചിന്താവിഷയം. അഭിവന്ദ്യ പിതാക്കൻമാരും, സഭയിലെ പ്രഗത്ഭരായ വൈദിക ശ്രേഷ്ഠരും അൽമായ നേതാക്കളും ക്യാമ്പിന് നേതൃത്വം നൽകുന്നു. പ്രസ്തുത ക്യാമ്പിലേക്ക്, ആ പള്ളിയിൽ നിന്നും 12 നും 25 വയസ്സിനും ഇടയിൽ പ്രായമുള്ള രണ്ട് ശുശ്രൂഷകരെ പള്ളിച്ചെലവിൽ അയക്കേണ്ടതാണ്. ഒരാൾക്ക് 250 രൂപയാണ് രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇതോടൊപ്പമുള്ള ഫോം പൂരിപ്പിച്ച് ബഹു. വികാരിയുടെ സാക്ഷ്യപത്രം സഹിതം 2019 മെയ് 5 ന് മുൻപായി കിട്ടത്തക്കവിധത്തിൽ ജനറൽ സെക്രട്ടറി ശ്രീ. ബിജു വി. പന്തപ്ലാവിന്റെ പേരിൽ ***(സ്വീറ്റ് മൗണ്ട്സ്, ഇരുപ്പാക്കുഴി, പട്ടാഴി പി.ഒ, കൊല്ലം ജില്ല, കേരള - 691 522 എന്ന വിലാസത്തിൽ)*** അയച്ചുകൊടുക്കേണ്ടതാണ്. ദൈവവിളിയും സമർപ്പണവുമുള്ളവരെ തെരഞ്ഞെടുത്ത് ക്യാമ്പിന് അയക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ നോട്ടീസ് മുഖാന്തിരം സെക്രട്ടറി നിങ്ങളെ അറിയിക്കുന്നതാണ്.

***പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

1. 2019 മെയ് 5 നു മുൻപായി രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു.
2. ശുശ്രൂഷക സംഘത്തിന്റെ യൂണിറ്റുകൾ ഇല്ലാത്ത ദേവാലയങ്ങളിൽ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.
3. ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിന് ക്യാമ്പിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. (രജിസ്ട്രേഷൻ ഫീ 200 രൂപ)
4. ശുശ്രൂഷക സംഘത്തിന്റെ ക്ഷേമനിധിയിലേക്ക് കൂപ്പൺ പിരിവിലൂടെ സമാഹരിച്ച തുകയും കണക്കും ബാക്കിവന്ന കൂപ്പണുകളും ഇനിയും തിരിച്ച് ഏൽപ്പിച്ചിട്ടില്ലാത്തവർ ക്യാമ്പിന് മുമ്പായോ ക്യാമ്പിൽ ക്രമീകരിച്ചിരിക്കുന്ന കൗണ്ടറിലോ അത് തിരികെ ഏൽപ്പിക്കണം. ഈ സംരംഭം പൂർത്തീകരിക്കുന്നതിനായി ഭദ്രാസന വൈസ് പ്രസിഡന്റുമാരും സെക്രട്ടറിമാരും മുൻകൈ എടുക്കണം.

സഭാജീവിതത്തിന്റെ മുഖ്യഘടകമാണല്ലോ ആരാധന. അത് സ്വർഗീയ അനുഭവമാക്കുവാൻ വൈദികരോടൊപ്പം സ്തുത്യർഹമായ പങ്ക് വഹിക്കുന്നവരാണ് ശുശ്രൂഷകർ. അവരുടെ തിരഞ്ഞെടുപ്പും, സമർപ്പണവും, നേതൃത്വവും, പരിശീലനവും സഭയ്ക്ക് പൊതുവായും, പ്രത്യേകമായി ഇടവകയ്ക്കും മുതൽ കൂട്ടായിരിക്കണം. ആയതിനാൽ, ശുശ്രൂഷക സംഘത്തിന്റെ വളർച്ചയ്ക്കും, ക്യാമ്പിന്റെ വിജയത്തിനും ഏവരുടേയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ആവശ്യപ്പെടുന്നു.

അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ ജനറൽ സെക്രട്ടറിയായി പരിശുദ്ധ കാതോലിക്ക ബാവ തിരുമനസ്സിനാൽ നിയമിക്കപ്പെട്ട കൊല്ലം ഭദ്രാസനത്തിലെ ശ്രീ. ബിജു വി. പന്തപ്ലാവിന് മാതൃകാപരമായ രീതിയിൽ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുവാൻ ദൈവകൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ എട്ട് വർഷക്കാലം ജനറൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പ്രൊഫ. ബാബു വർഗീസിനോടുള്ള ശുശ്രൂഷക സംഘത്തിന്റെ അകൈതവമായ നന്ദി അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2019 മാർച്ച് 25

മാവേലിക്കര തെയോഭവൻ അരമനയിൽ നിന്നും

**അലക്സിയോസ് മാർ യൗസേബിയോസ്**

**മെത്രാപ്പോലീത്ത**